| 1 | III/ 155 A | ലിജോ ജോസഫ് | ചാരാത്ത്പടി കളക്കാട്ടിൽ റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 2 | III/ 155 B | ജോസഫ് തോമസ് | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 3 | IV/ 68 B | റോസമ്മ | അയർക്കുന്നം തിരുവഞ്ചൂർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | IV/ 81 A | പി എസ് സ്റ്റെറിയ | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 5 | V/ 210 A | ടി കെ ദാസപ്പൻ | പാറേവളവ് ചൂരപ്പാറ റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 6 | V/ 214 A | സിജു ജോസഫ് | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |

ഇപ്രകാരം ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ നികുതി നിർണയത്തിന് പരിഗണിച്ച നികുതി നിർണ്ണയത്തിൽ അപാകത ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/16.08.2025) ക്രമ നം. 1, 5 എന്നിവ പ്രകാരമുള്ള കെട്ടിടങ്ങൾ പ്രധാന റ ചേർന്നുള്ള ചെറിയ റോഡിൽ ആണ് സ്ഥിതി ചെയ്യുന്നതെന്നും തിരിച്ചറിയുന്നതിന് പ്രധാന റോഡിന് ചേർത്തതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ റോഡ് വിവരങ്ങൾ സഞ്ച കൃത്യമാക്കേണ്ടതാണ്. ക്രമ നം. 3 ന്റെ നികുതി പുനർ നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്. ഉദാഹരണങ്ങളാണ് മുകളിൽ പരാമർശിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയറിൽ ഇപ്രകാരമുള്ള വസ്തു നിർണ്ണയങ്ങളുടെ വിവരം പരിശോധിക്കേണ്ടതും ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ നിർണയത്തിന് പരിഗണിക്കുന്നതിലുള്ള അപാകത പരിഹരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ ഏതാനും ഉദാഹരണങ്ങളാണ് മുകളിൽ പരാമർശിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ഇപ്രകാരമു നികുതി നിർണ്ണയങ്ങളുടെ വിവരം പരിശോധിക്കേണ്ടതും ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരി നികുതി നിർണയത്തിന് പരിഗണിക്കുന്നതിലുള്ള അപാകത പരിഹരിക്കേണ്ടതും അറിയിക്കേണ്ടതുമാണ്.

## 1-18 പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടം വാണിജ്യാവശ്യ ഉപയോഗിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും ഉപ നികുതിയും സർചാർജും) ചട്ടങ്ങൾ ചട്ടം 4 എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ ഉപയോഗക്രമമ വസ്തു നികുതി നിരക്ക് വ്യത്യാസപ്പെട്ടിരിക്കുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പാർപ്പിടാവശ്യ വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായി ക ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിട/സ്ഥാപന ഉടമയുടെ പേര് | നിലവിലെ ഉപയോഗക്രമം |
|---|---|---|---|
| 1 | IV/ 84 | ജോർജ്ജ്കുട്ടി ജോസഫ് | കമ്പ്യൂട്ടർ, പ്രിന്റർ റിപ്പയറിംഗ് |
| 2 | XX/ 33 | വിജയകുമാരൻ നായർ കെ കെ | കൂൾബാർ |
| | | | |

| | | | |
|---|---|---|---|
| 3 | XI/ 1 | തങ്കമ്മ വേലായുധൻ | ഹോട്ടൽ |

മേൽ സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് ലൈസൻസ് നൽകിയതായി ഫയലിൽ കാണുന്നില്ല. സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നത് സംബന്ധിച്ചും കെട്ടിടത്തിന്റെ ഉപയോ കൃത്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ചും ഓഡിറ്റിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/16.08.2025) ക്രമ നം. 1, 3 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല ക്രമ നം. 2- ന് ഓഫീസ് ആവശ്യം എന്ന് രേഖപ്പെടുത്തിയതിനാൽ ലൈസൻസ് നൽകിയെന്നും ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ച് വസ്തു നികുതി നിർണ്ണയം നടത്തേ ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾ നിലിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരം മറ്റ് കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന പരി നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 പൊതുമരാമത്ത് കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രവൃത്തികൾ ഏ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായ നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കൂ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പ മരാമത്ത് പ്രവൃത്തികളുടെ ഓഡിറ്റ് വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃ ഏറ്റെടുത്ത കരാറുകാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2024-25 ലെ കരാറുകാരുടെ പേരുകൾ |
|---|---|
| 1. | മാത്തച്ചൻ എം വാടാന |
| 2. | ടി ജെ ജോസഫ് |
| 3. | ഫൈസൽ ഒ എ |
| 4. | നിധിൻ മാത്യു |
| 5. | സുനിൽ കുമാർ എസ് |
| 6. | ജെയിൻ പി ജോർജ് |
| 7. | ഷാജി ഏബ്രഹാം |
| 8. | കെ എം ജോസഫ് |
| 9. | ജാബിർ മേത്തർ, ജെ എ കൺസ്ട്രക്ഷൻസ് |
| 10. | കെ കെ തോമസ് |
| 11. | അനീഷ് കുമാർ കെ എസ് |
| 12. | അരവിന്ദ് യു |
| 13. | ഉണ്ണികൃഷ്ണൻ എസ് |
| 14. | ജിനു ജോർജ് |
| 15. | ബിജു പീറ്റർ |
| 16. | ഏറ്റുമാനൂർ വനിതാ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി |
| 17. | EVLCCS Ltd No. K1240 |

കരാറുകാരുടെ ഡേറ്റ തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാത്തതിനും അതുമൂലം പ ഫണ്ടിനുണ്ടായ നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/18.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല . കരാറുകാർ മറ്റ് തദ്ദേശ പ്രദേശത്തുകൂടി പ്രവർത്തിക്കുന്നവരാണെങ്കിൽ അവരുടെ തൊഴിൽ നികുതി ഒടുക്ക് വിവരം പരി നികുതി ഡിമാന്റ് ചെയ്യേണ്ടതായിരുന്നു. കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന ന ഇടയാക്കുന്നു. കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം രേഖാമൂലം ഓ അറിയിക്കേണ്ടതാണ്.

## 1-20 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിലധികം ജോലി-വ്യവസായം-വ്യാപാരം തുടങ്ങിയ മേഖ പ്രവർത്തിക്കുന്നതും സർക്കാർ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ പരിധി അധികരിച്ച് വരുമാനം ലഭിക്കുന്ന വ്യക്തികളും അതോടൊപ്പം വാണിജ്യ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും 1994-ലെ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പു പ്രകാരം നിശ്ചിത നിരക്കിൽ തൊഴിൽനികുതി ഒടു ബാധ്യസ്ഥരാണ്. 2024-25 വർഷത്തെ തൊഴിൽനികുതി വരവുകൾ സംബന്ധിച്ച രേഖകൾ പരിശോധ

മേൽപരാമർശിച്ച രീതിയിൽ നികുതി ഒടുക്കാത്ത സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചേർക്കുന്നു.

**1. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

ചുവടെ പട്ടികയിൽ പരാമർശിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ത ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | കോട്ടയം കോ -ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 1 |
| 2 | വില്ലജ് ഓഫീസ് ,അയർക്കുന്നം | 1 |
| 3 | ബി എസ് എൻ എൽ | 1 |
| 4 | ടി എസ് നം. 18 വരകുമല പൂതിരി | 1 |
| 5 | കീർത്തി ഡെന്റൽ ക്ലിനിക് | 1 |
| 6 | ടി എസ് നം ,അമയന്നൂർ | 1 |
| 7 | ടി എസ് നം. 6 ആറുമാനൂർ | 1 |
| 8 | ടി എസ് നം.7 വട്ടിത്തറ | 1 |
| 9 | സൂര്യ ഹോമിയോ ക്ലിനിക് | 1 |
| 10 | തിരുവഞ്ചൂർ സർവീസ് സഹകരണ ബാങ്ക് | 1 |
| 11 | സെന്റ് ജൂഡ്സ് ഹോസ്പിറ്റൽ ,അയർക്കുന്നം | 2 |
| 12 | ക്രിസ്തുരാജ് ഹോസ്പിറ്റൽ ,അയർക്കുന്നം | 2 |
| 13 | അയർക്കുന്നം സർവീസ് കോ -ഓപ്പറേറ്റീവ് ബാങ്ക് | 2 |
| 14 | K L M ആക്സിവ് & ഫിൻവെസ്റ്റ് | 2 |
| 15 | N P എന്റർപ്രൈസസ് | 2 |
| 16 | ശ്രീകൃഷ്ണ സുബ്രഹ്മണ്യ സ്വാമി ടെമ്പിൾ ,കിടങ്ങൂർ | 2 |
| 17 | റബ്ബർ ബോർഡ് റീജിയണൽ ഓഫീസ് | 2 |
| 18 | കെ എസ് ഇ ബി ,അയർക്കുന്നം | 2 |
| 19 | എക്സൈസ് ഓഫീസ് അയർക്കുന്നം | 2 |
| 20 | HDFC ബാങ്ക് ,ഒറവക്കൽ | 2 |

**2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

തൻവർഷം സ്ഥാപന തൊഴിൽനികുതി ഒടുക്കാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | കൊട്ടത്തിൽ ആയുർവേദിക് ഹെൽത്ത് സെന്റർ | 1 |

| | | |
|---|---|---|
| 2 | മാനേജർ KSBC വെയർ ഹൗസ്, അയർക്കുന്നം | 1 |
| 3 | ടി എസ് നം. 7 വട്ടിത്തറ | 1 |
| 4 | ചിത്തിര മെഡിക്കൽ സെന്ററർ | 1 |
| 5 | ടി എസ് നം. 8 മണർകാട് | 1 |
| 6 | ടി എസ് നം. 9 കൊങ്ങാണ്ടൂർ | 1 |
| 7 | ടി എസ് നം. 10 പുന്നത്തുറ | 1 |
| 8 | ടി എസ് നം. 11, പുല്ലുവേലി | 1 |
| 9 | സപ്പ്ളൈക്കോ, അയർക്കുന്നം | 2 |
| 10 | KSFE, അയർക്കുന്നം | 2 |

തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥമായ മേൽപരാമർശിത സ്ഥാപനങ്ങളിലെ ജീവന
സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ
എൻക്വയറിക്ക് (നം.34/19.08.25) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളുടെയും, ജീവനക്കാ
തൊഴിൽനികുതി കുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 ലൈസൻസ് എടുക്കാതെ ധാരാളം സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറി
വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ല
ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോ
പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ് സംബന്ധമായ രജിസ്റ്ററുകൾ, അപേക്ഷകൾ
പരിശോധിച്ചതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസ് എടുക്കാതെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2024-25 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ 20 വാർഡുകളിലായി 1733 വാണിജ്യ സ്ഥാ
ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരി
പ്രവർത്തിച്ചിരുന്ന വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം സംബന്ധിച്ച് കൃത്യത വരുത്താനായി വി.ഇ.ഒയ്ക
ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം. 19/16.08.25) മറുപടി പ്രകാരം 1117 വാണിജ്യ സ്ഥാപന
ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത്. എന്നാൽ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോ
കേവലം 578 സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് അതിൽ രേഖപ്പെടുത്തിയിട്ടുള്ളത് (ഇതിൽ ത
അധികം സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് അടവാക്കിയിട്ടില്ല). ധാരാളം വാണിജ്യ-സംരംഭക പ്രവർത്ത
ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന സാഹചര്യത്തിലേക്കാണ് പ്രസ്തുത കണക്കുകൾ വിരൽ ചൂ
വാർഡ് തല ലൈസൻസ് രജിസ്റ്റർ കാലികമായി തയ്യാറാക്കി തനതുഫണ്ട് നഷ്ടപ്പെടുന്ന സ
ഒഴിവാക്കേണ്ടതും ലൈസൻസ് തുക ഡിമാൻഡ് ചെയ്ത് ഈടാക്കി കൃത്യമായി പിരിച്ചെടുക്കേണ്ടതുമാണ്.

2.ലൈസൻസ് ഫീസ് ഒടുക്കിയ തുക മാത്രമാണ് ഡിമാൻഡ് ചെയ്തിട്ടുള്ളത്.

വാർഷിക കണക്കുകൾ പ്രകാരം, ലൈസൻസ് ഫീസ് വരവിനത്തിൽ ഡിമാൻഡ് ചെയ്ത മുഴുവൻ തുകയു
രൂപ) ഈടാക്കിയതായാണ് കാണുന്നത്. ധാരാളം സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ/അടവ
പ്രവർത്തിക്കുമ്പോൾ ലൈസൻസ് ഫീസ് ഒടുക്കിയത് മാത്രമാണ് ഡിമാൻഡായി ചേർത്തിട്ടുള്ളത്. അ
വരവിനമായ മുഴുവൻ സ്ഥാപനങ്ങളുടെയും ലൈസൻസ് തുക ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ (നം. 21/
ലൈസൻസ് എടുക്കാത്ത മുഴുവൻ സ്ഥാപനങ്ങളുടെയും ലൈസൻസ് ഫീസ് ഈടാക്കുന്ന
തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നു അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ
പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും ലൈസൻസ് തുക ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതും
രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ
നിയമപരമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-22 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെ
സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുന്ന
അപേക്ഷകൾ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്ത് പരിധിയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന താഴെ
പാരാമെഡിക്കൽ സ്ഥാപനങ്ങൾ തൻവർഷം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയോ നിലവ
പുതുക്കുകയോ ചെയ്തിട്ടില്ലായെന്ന് വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|

| | |
|---|---|
| 1 | അക്യൂറ ഡയഗ്നോസ്റ്റിക് സെന്റർ |
| 2 | ചിത്തിര മെഡിക്കൽ സെന്റർ |
| 3 | ലൈഫ് ലൈൻ ലബോറട്ടറി |
| 4 | സ്മാർട്ട് മൂവ് സെന്റർ ഫോർ ഫിസിയോതെറാപ്പി |
| 5 | ചാൾസ് ലവീഞ്ഞ് ലബോറട്ടറി |
| 6 | മെഡിക്യൂർ ഡയഗ്നോസ്റ്റിക് സെന്റർ |
| 7 | കെയർവെൽ ഹോമിയോ ക്ലിനിക് |
| 8 | സെന്റ് ജൂഡ് ഹോസ്പിറ്റൽ |
| 9 | കോൺഫിഡന്റ് ഡെന്റൽ ക്ലിനിക് |
| 10 | മാലി ഡെന്റൽ ക്ലിനിക് |
| 11 | ക്രിസ്തുരാജ് ഹോസ്പിറ്റൽ |
| 12 | ദിപ്തി ഡയഗ്നോസ്റ്റിക് സെന്റർ |
| 13 | സെന്റ് മേരീസ് ഡെന്റൽ കെയർ |
| 14 | അർണവം ഡെന്റൽ കെയർ |

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ബാധ്യതയുള്ള പ്രാദേശിക ഭരണകൂ നിലയിൽ, ആരോഗ്യസ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കാൻ അനുവദിച്ച ക്രമപ്രകാരമല്ല. അവ അടിയന്തിരമായി ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്ക വിവരങ്ങൾ രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-23 വാടക – കുടിശ്ശിക നിലനിൽക്കുന്നു

2024-25 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിലെ 34 കടമുറികൾ വാ നൽകിയിട്ടുണ്ട്. രജിസ്റ്ററുകളും കരാറുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചേർക്കുന്നു.

**1.കുത്തകക്കാർ വാടക പൂർണ്ണമായും ഒടുക്കിയിട്ടില്ല**

ചുവടെ ചേർക്കുന്ന വാടകക്കാർ 2024-25 സാമ്പത്തിക വർഷത്തിൽ വാടക ഒടുക്കിയിട്ടില്ല. വിശദാ ചുവടെ ചേർക്കുന്നു

| ക്രമ നം | കെട്ടിട നം | വാടകക്കാരൻ/ സ്ഥാപനം | അടവാക്കാനുള്ള തുക |
|---|---|---|---|
| 1 | അജീഷ് ജോൺ, തടമുറിയിൽ | 7/547 | 77556/- |
| 2 | ജിൽസ് ജോസഫ്, പുന്നമറ്റത്തിൽ | 7/562 | 42132/- |
| 3 | ബിജു തോമസ്, മുകുളേൽ | 7/568 | 18372/- |
| **ആകെ** | | | **138060/-** |

വാടക കുടിശ്ശിക സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2: കുത്തകക്കാർക്ക് വാടക കുടിശ്ശിക അടവാക്കാനുള്ള നോട്ടീസ് വീണ്ടും നൽകുന്നതാണെന്നു ലഭ്യമാക്കിയിട്ടുണ്ട്. മേൽ കുത്തകക്കാരിൽ നിന്നും വാടക കുടിശ്ശിക പിഴപ്പലിശ സഹിതം കാല കൂടാതെ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

**2). കരാർ പുതുക്കിയിട്ടില്ല-**

ചുവടെ ചേർക്കുന്ന വാടകക്കാർ 2024-25 സാമ്പത്തിക വർഷത്തിൽ കരാർ പുതുക്കാതെ തുടരുന്നു

| ക്രമ നം | വാടകക്കാരൻ/ സ്ഥാപനം | കടമുറികളുടെ എണ്ണം | വാർഡ് കെട്ടിട |
|---|---|---|---|

| | | | നം |
|---|---|---|---|
| 1 | രാജേഷ്, തൈക്കൂട്ടത്തിൽ | 1 | 7/561 |
| 2 | ജിൽസ് ജോസഫ്, പുന്നമറ്റത്തിൽ | 1 | 7/562 |

വാടകക്കരാർ യഥാസമയം പുതുക്കേണ്ടതും, വാടക കരാറുകൾ കൃത്യമാക്കി വാടകക്കാരനും ഗ്രാമപ സെക്രട്ടറിയും ഒപ്പിട്ട് സൂക്ഷിക്കേണ്ടതുമാണ്.

**3).വാടക നിക്ഷേപം ആനുപാതികമായി വർദ്ധിപ്പിച്ച് ഈടാക്കിയിട്ടില്ല**

വാർഷിക കണക്കുകളും, ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും പ്രകാരം 3293/- രൂപയാണ നിക്ഷേപമായി കാണുന്നത്. 34 കടമുറികളുടെയും വാടക നിക്ഷേപം ഈടാക്കിയത് സംബന്ധിച്ചുള്ള വി ഒന്നുംതന്നെ വാടക ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിലു നിക്ഷേപം ആനുപാതികമായി വർദ്ധിപ്പിച്ച് ഈടാക്കിയതായി കാണുന്നില്ല. കണക്കുകൾ പരിശോധി നിക്ഷേപ നിരക്ക് വർദ്ധിപ്പിച്ച്, കുത്തകക്കാരിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

വാടക ഡിമാൻഡ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമാക്കേണ്ടതും, വാടകക്കാരിൽ നിന്നും വാടക നിക്ഷേപം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കേണ്ടതുമാണ്. അല്ലായെങ്കിൽ, വാടകക്കാ വ്യവസ്ഥകൾ ലംഘിക്കുന്ന സാഹചര്യത്തിൽ അവരുടെ വാടക ഈടാക്കാൻ കഴിയാത്ത സംജാതമാകും. ഓരോ സാമ്പത്തിക വർഷത്തിലും വാടക പുതുക്കുന്നതിനനുസരിച്ച് റെന്റ് ഡെ ആനുപാതികമായി വർദ്ധിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-24 മുറിച്ചിട്ട മരത്തിന്റെ വാല്യുവേഷൻ എടുത്ത് ലേലം ചെയ്തില്ല**

പഞ്ചായത്ത് കമ്മറ്റിയുടെ 10.09.2024 ലെ 12(1) നം.തീരുമാനം പ്രകാരം ഗ്രാമ പഞ്ചായത്തിലെ 12-ാം വ അയർക്കുന്നം വില്ലേജ് സർവ്വേ നം.357-2/1 സ്ഥലത്തിനോട് ചേർന്നുള്ള പുറമ്പോക്ക് ഭൂമിയിൽ നി മഹാഗണി മരം മുറിയ്ക്കുന്നതിനായി തനതുഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങ ചേർക്കുന്നു.

| വൗച്ചർ നം/ തീയതി തുക | ചെക്ക് നം/ തീയതി തുക | തുക |
|---|---|---|
| 22400788/02.12.2024 | 500122/02.12.2024 | 5000/- |

മുറിച്ച മരം വാല്യുവേഷൻ എടുത്ത് ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/19.08.2025) ചെയ്യുന്നതിന് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തടിയുടെ വാല്യ എടുത്ത് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-25 എല്ലാ വാർഡുകളിലും സംയുക്ത പരിശോധന നടത്തി വെള്ളക്കരമിനത്തിൽ അടവാക്കുന്ന തുകയ്ക്ക് കൃത്യത വരുത്തിയിട്ടില്ല.**

പഞ്ചായത്തിലെ തനത് ഫണ്ട് ചെലവു വൗച്ചറുകൾ പരിശോധിച്ചതിൽ 2024-25 വർഷം 102 പൊതു ടാപ്പ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയർ, കോട്ടയം ഓഫീസിൽ ഒരു മാസം രൂപ നിരക്കിൽ എപ്രിൽ മുതൽ മാർച്ച് വരെയുള്ള 12 മാസങ്ങളിലായി ആകെ (1,23,752 X 12) 14,85, ഒടുക്കിയിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടു.

നിലവിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തനക്ഷമമായതും വാട്ടർ അതോറിറ്റിയിൽ കരം ഒടുക്കുന ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക (നം.10/14.08.2025) മറുപടിയായി വാട്ടർ അതോറിറ്റി നടത്തിയ പരിശോധനയുടെ ഫയൽ ഹാജരാക്കി പരിശോധിച്ചതിൽ പഞ്ചായത്തിലെ ആകെയുള്ള 20 വാർഡുകളിൽ 6,7,9,11,12,14,20 വാർഡുകളൊഴിക ബാക്കി 13 വാർഡുകളിലാണ് അസിസ്റ്റന്റ് എഞ്ചിനീയർ വാട്ടർ വർക്സ് സെക്ഷൻ, തിരുവഞ്ചൂർ പര നടത്തിയിട്ടുള്ളത്. 07/11/2023 തീയതിയിലെ KWA/WWS2 നമ്പർ പരിശോധന റിപ്പോർട്ട് വീണ്ടും വ പരിശോധനയ്ക്കും തിരുത്തലുകൾക്കുമായി സമർപ്പിച്ചിട്ടുണ്ട്.എന്നാൽ റിപ്പോർട്ട് വീണ്ടും വ പരിശോധനയ്ക്ക് വിധേയമാക്കി പ്രവർത്തനക്ഷമമായതും ഉപയോഗ്യയോഗ്യമായതുമായ ടാപ്പുകളു സംബന്ധിച്ച് അന്തിമതീരുമാനം എടുക്കാതെയാണ് വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയ്ക്ക് ഒ 1,23,752/- രൂപ നിരക്കിൽ എപ്രിൽ മുതൽ മാർച്ച് വരെയുള്ള 12 മാസങ്ങളിലായി ആകെ (1,23,752x12) 14,85, ഒടുക്കിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ വാട്ടർ വർക്സ് സെക്ഷൻ ,തിരുവഞ്ചൂരിന്റെ റിപ്പോർട്ട് പരിശോധന നടത്തിയ വാർഡുകളിലെ ഉപയോഗ യോഗ്യമായ ടാപ്പുകളുടെ എണ്ണം താഴെ ചേർക്കുന്നു.

| വാർഡ് നം | ഉപയോഗ യോഗ്യമായ ടാപ്പുകളുടെ എണ്ണം |
|---|---|
| 1 | 4 |
| 2 | 8 |

| | |
|---|---|
| 3 | 6 |
| 4 | 3 |
| 5 | 11 |
| 8 | 7 |
| 10 | 9 |
| 13 | 5 |
| 15 | 5 |
| 16 | 1 |
| 17 | 2 |
| 18 | 1 |
| 19 | 10 |
| ആകെ | 72 |

എന്നാൽ 102 പൊതു ടാപ്പുകൾക്ക് നിലവിൽ വെള്ളക്കരം നൽകുന്നുണ്ട്. 6,7,9,11,12,14,20 വാർഡുകളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും യോഗ്യമായ പൊതു ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ കൃത്യമായി കണ വെള്ളക്കരമിനത്തിൽ നൽകുന്ന തുക ക്രമീകരിയേക്കണ്ടതാണ്.

**1-26 മഴക്കാലപൂർവ്വ ശുചീകരണം - വാർഡ് തല ശുചീകരണ കമ്മറ്റികളുടെ അക്കൗണ്ടുക തുക ചെലവഴിക്കാതെ അവശേഷിക്കുന്നു**

പഞ്ചായത്ത് കമ്മറ്റിയുടെ 15.05.2024 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം മഴക്ക ശുചീകരണത്തിനായി അതത് വാർഡുകളിലെ വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ അക്കൗണ്ടുകളിലേയ്ക്ക് ഓരോ വാർഡിനും 20000/- രൂപ വീതം 20 വാർഡുകൾക്കുമായി തനത് ഫണ്ട്, മിഷൻ ഫണ്ട് എന്നിവ വകയിരുത്തി ആകെ 400000/- രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കു

| ക്രമ നം | ഫണ്ടിനം | വൗച്ചർ നം. | ചെക്കും./ തീയതി | തുക |
|---|---|---|---|---|
| 1 | ശുചിത്വ മിഷൻ ഫണ്ട് | 22400101/ 16.05.2024 | 131802/ 16.05.2024 | 200000/- |
| 2 | തനത് ഫണ്ട് | 22400102/ 16.05.2024 | 131816/ 07.06.2024 | 200000/- |
| | | | **ആകെ** | **400000/-** |

ടി തുകയുടെ വിനിയോഗ വിവരങ്ങൾ പരിശോധിച്ചതിൽ ഫെഡറൽ ബാങ്ക് അയർക്കുന്നം ശാഖയിലു വാർഡുകളുടെ വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മറ്റിയുടെ അക്കൗണ്ടിൽ 31.03.2025-ൽ ബാലൻസ് അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നം. | അക്കൗണ്ട് നം. | 31.03.2025-ൽ ബാലൻസ് തുക |
|---|---|---|
| 14 | 18800100015539 | 27,079/- |
| 15 | 18500100015547 | 10863.13/- |
| 20 | 18800100015471 | 21,537/- |
| | **ആകെ** | |

ബാലൻസ് തുകകളുടെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.32/19.08.2025) മറുപടിയായി വാർഡ് 20 ന്റെ ചുമതലയുള്ള ഇൻസ്പെക്ടർ 2024-25 വർഷം 20 –ാം വാർഡിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയെങ്കിലും പ്രകാരമുള്ള തുക മാറിയെടുക്കാത്തതിനാലാണ് അക്കൗണ്ടിൽ തുക അവശേഷിച്ചത് എന്ന് അറിയിച്ചു, വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മറ്റ് രണ്ട് വാർഡുകളിലെ ചുമതലപ്പെട്ട ഇൻസ്പെക്ടർമാർ മറുപടി ലഭ്യമാക്കിയിട്ടുമില്ല. തുക വിനിയോഗിയ്ക്കാത്ത പക്ഷം തിരികെ പഞ്ചായത്ത് അടവാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. മഴക്കാല പൂർവ്വ ശുചീകരണ വാർഡുകൾക്ക് നൽകുന്ന തുകകൾ ശരിയായ രീതിയിൽ വിനിയോഗിയ്ക്കുന്നുണ്ടെന്ന് പഞ്ചായത്ത് കമ്മ വരുത്തേണ്ടതാണ്.

**1-27 ഫെസ്റ്റിവെൽ അഡ്വാൻസ് തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു**

2024-25 വാർഷിക കണക്കുകളിലെ ബി-18 ഷെഡ്യൂൾ പരിശോധിച്ചതിൽ ഫെസ്റ്റിവെൽ അഡ്വാൻസ് ഇ ജീവനക്കാർക്ക് നൽകിയതിൽ 20000/- രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമാകുവാൻ അവശേഷിക്കു കാണുന്നു. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 12000/- രൂപ ഷൈനിമോൾ ടി, ഓഫീസ് അറ്റൻഡന്റിൽ നിന്നും ഷാന്റി ജയിംസ്, സീനിയർ ക്ലർക്കിൽ നിന്നുമാണ് ലഭ്യമാകാനുള്ളത്. പ്രസ്തുത തുക ഈടാക്കുന്നതിന് സ തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/ ഷൈനിമോൾ ടി, ഓഫീസ് അറ്റൻഡന്റിന് നൽകിയ 12000/- രൂപ നിലവിൽ ജോലി ചെയ്യുന്ന ചങ്ങ മുനിസിപ്പാലിറ്റിയിൽ നിന്നും 17.05.2025 ൽ ലഭ്യമായിട്ടുണ്ടെന്നും ഷാന്റി ജയിംസ്, സീനിയർ ക്ലർക്കിന് 8000/- രൂപ തിരികെ അടക്കുന്നതിന് ടിയാൻ നിലവിൽ ജോലി ചെയ്യുന്ന മങ്കര ഗ്രാമപഞ്ചായത്തിലേ

നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തിരികെ ഈടാക്കാനുള്ള 8000/- രൂപ ജീവനക്കാരനിര ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. തുക ഈടാക്കി അറിയിക്കുന്നതുവരെ 8000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 തൊഴിലുറപ്പ് പദ്ധതിക്ക് തനത് ഫണ്ടിൽ നിന്ന് നൽകിയ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് വിഭാഗം ജീവനക്കാരുടെ ശമ്പളം, മറ്റ് ഓഫീസ് ചെലവുകൾ എന്നി ഫണ്ടിൽ നിന്നാണ് നൽകി വരുന്നത്. പിന്നീട് തൊഴിലുറപ്പ് പദ്ധതിയിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ചെയ്യുന്നു. 31.3.25 ലെ ബാലൻസ് ഷീറ്റ് പ്രകാരം തൊഴിലുറപ്പ് പദ്ധതിക്ക് മുൻ വർഷങ്ങളിൽ നൽകിയതു 2655803/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക(രൂപ) | റിമാർക്സ് |
|---|---|---|
| 1.4.24 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 1260960 | |
| 2024-25 ൽ നൽകിയ മുൻകൂർ | 1394843 | |
| ആകെ | 2655803 | |
| തൻവർഷം ക്രമീകരിച്ച തുക | 0 | തൻവർഷം തനത് ഫണ്ടിലേക്ക് നൽകിയ 607046 രൂപയുടെ ചെക്ക് 31.3.25 ൽ കാഷ് ചെയ്തിരുന്നില്ല. |
| 31.3.25 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2655803 | |

തനത് ഫണ്ടിൽ നിന്നും നൽകിയതും ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ 2655803/- രൂപയുടെ ക്രമീകരിക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-29 എം സി എഫ് കെട്ടിടം കുഴൽക്കിണർനിർമ്മാണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 281/25 |
| അടങ്കൽ | 150000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 56171/-രൂപ (വൗച്ചർ നം. XVFC/2024-25/P/182/ 26.3.25) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിന്റെ 10-ാം വാർഡിൽ എം സി എഫ് കെട്ടിടത്തിന് കുഴൽകിണർ നിർമ്മിക്കുന്നതിന് 5 ഉത്തരവ് നം.907/25.3.25 പ്രകാരം ഭൂജലവകുപ്പിൽ നിക്ഷേപിച്ചിരുന്നു. പ്രവൃത്തി പൂർത്തീകരി നിർവ്വഹണത്തിലെ അപാകതകൾ മൂലം പ്രയോജനരഹിതമായ അവസ്ഥയാണ് നിലവിലു സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഭൂജലവകുപ്പ് കിണർ നിർമ്മിച്ചത്, സർവ്വേ നടത്തി ഉ ഉറപ്പാക്കിയ സ്ഥലത്ത് അല്ലാത്തതിനാൽ ജലം ലഭിച്ചിട്ടില്ല. മാത്രമല്ല എം സി എഫ് കെട്ടിടത്തിലേ പ്രവേശനറോഡിലാണ് കിണർ നിർമ്മിച്ചിട്ടുള്ളത്. ഇത് കെട്ടിടത്തിലേയ്ക്കുള്ള സുഗമമായ പ്രവേ തടസ്സമാകുമെന്നതിനാൽ, കിണർ സ്ഥാനം മാറ്റി സർവ്വേ പ്രകാരം നിശ്ചയിച്ച സ്ഥലത്ത് ന നൽകണമെന്നു കാണിച്ച് 13.8.25ൽ സെക്രട്ടറി ഭൂജലവകുപ്പിന് കത്തയച്ചിരുന്നു. എം സി കെട്ടിടത്തിലേയ്ക്കുള്ള പ്രവേശന റോഡിലാണ് കിണർ കുഴിച്ചിരിക്കുന്നതെന്ന് 18.08.2025 ന് സ്ഥപരിശോധനയിൽ അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർനടപടികൾ ഓ അറിയിക്കേണ്ടതാണ്. പുതിയ കിണർ നിർമ്മിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ 56171/- ര ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല

അയർക്കുന്നം ഗ്രാമ പഞ്ചായത്തിൽ 2024-25 വർഷം കരാറുകാരൻ വഴി നടപ്പാക്കിയ താഴെ ചേ പ്രവൃത്തികളിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ച കാണുന്നില്ല. ജി.ഒ.പി. നം. 13/ 2012/ PWD/ തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി മുതൽ 14 ദിവസത്തിനക

ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ
കരാർ ചമയ്ക്കേണ്ടത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി | കരാറി-ലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേ-ണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | 134/25 പനച്ചിക്കൽ താഴത്തേൽ റോഡ് പുനരുദ്ധാരണം വാർഡ്- 17 | എസ് ഉണ്ണികൃഷ്ണൻ, ശിവവിലാസ്, വള്ളിച്ചിറ | 22.12.24 | 18.1.25 | 461614 | 4616 |
| 2 | 342/25 കറ്റുവീട്ടിൽ കൊണ്ടൂർപടി റോഡ് മെയിന്റനൻസ് വാർഡ്- 19 | ജോസഫ് കെ.എം, കളപ്പുയ്ക്കൽ, മറ്റക്കര | 13.2.25 | 3.3.25 | 352586 | 3526 |
| | 342/25 വെട്ടുകാല മുന്നോടിക്കുന്ന് റോഡ് മെയിന്റനൻസ് വാർഡ്- 5 | ജോസഫ് കെ.എം, കളപ്പുയ്ക്കൽ, മറ്റക്കര | 13.2.25 | 3.3.25 | 314460 | 3145 |
| | ആകെ | | | | | 11287 |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും PAC യുടെ
ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്ക
ആവശ്യപ്പെട്ട് നൽകിയ 17/16.8.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ക്രമ നമ്പർ
കരാറുകാരനായ എസ് ഉണ്ണികൃഷ്ണനിൽ നിന്നും 4616/- രൂപ ഫൈൻ ഈടാക്കി പഞ്ചായത്തിൽ ഒടുക്കിയ
രസീത് ഹാജരാക്കി (രസീത് നം. 25002476/16.8.24). ക്രമ നമ്പർ 2, 3 എന്നിവയിലെ കരാറുകാരൻ എ
രേഖകൾ ഓഫീസിൽ നൽകിയിരുന്നു എങ്കിലും നിർമ്മാണപ്രവൃത്തികളുടെ പൂർത്തീകരണത്തിന്റെ
മൂലം കരാർ വെക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ കാലതാമസം നേരിട്ടു എന്ന് അ
കരാറുകാരന്റെ ഭാഗത്തുനിന്നുള്ള പിഴവല്ലാത്തതിനാൽ പിഴ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്ക
അപേക്ഷിച്ചു. നിയമാനുസരണമുള്ള സമയപരിധിക്കുള്ളിൽ കരാർ വെക്കാൻ ഭാവിയിൽ ശ്രദ്ധിക്ക
കർശനമായ നിർദ്ദേശം നൽകുന്നു.

## 1-31 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക കണക്കിൽ RP5 ഷെഡ്യൂളിൽ 150120102 "Sale Of Scraps/Empties
Materials" എന്ന ശീർഷകത്തിൽ 179774/- രൂപ വരവുണ്ട്. ഇതിൽ 132750/- രൂപ, അസിസ്റ്റന്റ് എഞ്ചിനിയർ നട
ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത്
ക്രഡിറ്റ് ചെയ്തിരിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം കരാറു
ബില്ലിൽ നിന്നും ഈടാക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ
തിരികെ ഒടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ
കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. ആ
സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 18/16.8.25-ാം നമ്പർ ഓഡിറ്റ് എൻക
മറുപടി ലഭ്യമാക്കിയില്ല. തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക അതാത് ശീർഷകത്തിൽ സർക്കാര്
ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-32 ഓഡിറ്റ് ഇംപാക്ട്- പൊളിച്ചുമാറ്റിയ സാധനങ്ങളുടെ വില ഓഡിറ്റ് നിർദ്ദേശത്തെ തുടർ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി.**

| | |
|---|---|
| പ്രോജക്ട് നം. | 251/25 (അംഗൻവാടി നമ്പർ 22 പുനരുദ്ധാരണം) |
| അടങ്കൽ | 1000000/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 842041/- രൂപ (431901/- രൂപ- ബിൽ നം. 8/24-25/ 4.09.2024 + 410140/- രൂപ- ബിൽ നം. 11/24-25/ 9.09.2024) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

അയർക്കുന്നം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 1 പ്രകാരം 156.16 M2 ടൈൽ റൂഫിംഗ് പൊളിച്ച് മാറ്റിയിട്ടു രേഖപ്പെടുത്തിയിട്ടുണ്ട്. പൊളിച്ച് മാറ്റിയ ടൈൽ, തടി ഉരുപ്പടികൾ എന്നിവയ്ക്ക് 17149 രൂപ മൂല്യ നടത്തി സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പൊളിച്ച് മാറ്റിയ ടൈൽ, തടി ഉരുപ്പടികൾ എന്നിവ പഞ്ചാ കൈമാറി ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നില്ല. പൊളിച്ചുമാറ്റിയ സാധനങ്ങളുടെ വില ബില്ലിൽ നിന്നും ഈടാക്കിയിരുന്നുമില്ല. ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടു വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 7/14.8.25-ാം നമ്പരായി ഓഡിറ്റ് എ നൽകിയതിന്റെ അടിസ്ഥാനത്തിൽ 17149/- രൂപ 25002471/16.8.24-ാം നമ്പർ രസീത് പ്രകാരം ഗ്രാമ പഞ്ചാ ഒടുക്കി മറുപടി ലഭ്യമാക്കി.

**1-33 ലൈഫ് ഭവനപദ്ധതി (എസ്.സി.) -ഗുണഭോക്താവിന് അധിക തുക നൽകി.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 116/25 |
| ആകെ അടങ്കൽ | 2208139/- (എസ്.സി.പി) <br> 1500000/- (സംസ്ഥാന വിഹിതം) <br> 712500/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) <br> 712500/- (ജില്ലാ പഞ്ചായത്ത് വിഹിതം) <br> 2066861/- (മറ്റുള്ളവ) <br> **ആകെ- 7200000/-** |
| ആകെ ചെലവ് | 1760000/- (എസ്.സി.പി) <br> 87500/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) <br> 712500/- (ജില്ലാ പഞ്ചായത്ത് വിഹിതം) <br> **ആകെ** 2560000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ, അയർക്കുന്നം |

ലൈഫ് ഭവനപദ്ധതി (എസ്.സി.) വിഭാഗത്തിൽ ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന ആകെ തു രൂപയാണ്. എന്നാൽ ചുവടെ ചേർക്കും പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് 20000/- രൂപ വീതം ഭവനപദ്ധ അധികം അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ , തീയതി | ബിൽ പ്രകാരമുള്ള ആകെ തുക | ഗുണഭോ-ക്താവിന് നൽകിയ തുക | ഫണ്ട് | അനുവദനീയ-മായത് | അധി |
|---|---|---|---|---|---|---|
| മധു എം.എസ് മരുതൂർമറ്റം കൊങ്ങാണ്ടൂർ അയർക്കുന്നം വാർഡ്-3 | 290/07.02.2023 | 75000/- | 40000/- | ബ്ലോക്ക് വിഹിതം | | |
| | 153 /27.9.23 | 700000/- | 1,60,000/- | സംസ്ഥാന വിഹിതം | | |
| | 228/20.07.2024 | 460000/- | 100000/- | ജില്ലാ പഞ്ചായത്ത് വിഹിതം | | |
| | 308/07.09.2024 | 320000/- | 60000/- | ലോൺ | | |
| | 266/12.12.2024 | 100000/- | 60000/- | എസ്.സി.പി | | |
| | | ആകെ | **420000/-** | | **4,00,000** | **20,000** |
| പ്രസാദ് വി.കെ വരകുകാലായിൽ അറുമാന്നൂർ വാർഡ്-12 | 151 /27.9.23 | 580000/- | 40000/- | സംസ്ഥാന വിഹിതം | | |
| | 355/19.01.2024 | 240000/- | 80000/- | ലോൺ | | |
| | 490/11.03.2024 | 80000/- | 80000/- | എസ്.സി.പി | | |
| | 228/20.07.2024 | 460000/ | 100000/- | ജില്ലാ പഞ്ചായത്ത് വിഹിതം | | |
| | 120/07.09.2024 | 320000/- | 60000/- | എസ്.സി.പി | | |
| | 251/12.12.2024 | 60000/- | 60000/- | എസ്.സി.പി | | |
| | | **ആകെ** | **420000/-** | | **4,00,000** | **20,000** |
| | | | | **ആകെ** | | **40,000** |

അധികമായി 20000/- രൂപ വീതം ആകെ 40000/-രൂപ ഗുണഭോക്താക്കൾക്ക് നൽകിയതിന് വിശദ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/18.08.25) മറുപടി ലഭ്യമാക്കിയില്ല. ലൈഫ് ഭവനനി ധനസഹായമിനത്തിൽ ഇപ്രകാരം അധികമായി ചെലവഴിച്ച 40000/- രൂപയുടെ ചെലവ് ഓ നിരാകരിക്കുന്നു. തുക ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ വി.ഇ.ഒ ശ്രീ.അനിൽ കുമാർ കെ. നിന്നോ ഈടാക്കേണ്ടതാണ്. ടി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം രേഖാമൂലം ഓ അറിയിക്കേണ്ടതാണ്.

## 1-34 ലൈഫ് ഗുണഭോക്താവ് തിരിച്ചടച്ച തുക തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

പഞ്ചായത്തിലെ 2023-24 വർഷത്തെ ജനറൽ വിഭാഗത്തിലെ ലൈഫ് ഗുണഭോക്താവായിരുന്ന ശ്രീമതി. എം.എൻ, മണക്കുന്നത്ത്, തിരുവഞ്ചൂർ, (വാർഡ്-15) എന്ന വ്യക്തി കരാറിലേർപ്പെട്ട് വീടു പണിയ്ക്കായി 4 (ബിൽ നം.358/22.01.2024-Hudco Loan) മുൻകൂർ കൈപ്പറ്റിയിരുന്നു. വീട് പണി തുടരാൻ താല്പര്യമില്ലാത്തതിന തിരികെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.(രസീത് നം. 1230104070 തീയതി 06.02.2024). അക്കൗണ്ടിൽനിന്നും അനുവദിച്ച മുൻകൂർ നാളിതുവരെ ലോൺ അക്കൗണ്ടിലേയ്ക്ക് തിരികെ അടവ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഗുണഭോക്താവ് തിരികെ അടവാക്കിയ 40000/-രൂപ ലോൺ അക്ക അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുക ലോൺ അക്കൗണ്ടിൽ അടവാക്കിയാലും പഞ്ചായത്തിന്റെ വായ്പാ ബാധ്യതയിൽ കുറവു വരാത്തതിനാൽ 40000/- രൂപ അർഹ ഗുണഭോക്താക്കൾക്ക് നൽകാവുന്നതാണ്.

## 1-35 ലൈഫ് ഭവനപദ്ധതി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

2024-25 വർഷം ലൈഫ് ഭവന പദ്ധതിയ്ക്കായി മൂന്ന് പ്രോജക്റ്റുകളാണ് ഗ്രാമ പ നടപ്പിലാക്കിയത്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ/ പേര് | ആകെ അടങ്കൽ | ആകെ ചെലവ് |
|---|---|---|
| 114/25 ലൈഫ് ഭവന പദ്ധതി(ജനറൽ)-സ്ഥലം വാങ്ങലും ഭവനനിർമ്മാണവും | 49200000/- | 8181462/- |
| 116/25 ലൈഫ് ഭവന പദ്ധതി (എസ്.സി.പി)- സ്ഥലം | 7200000/- | 2560000/- |

| | | |
|---|---|---|
| വാങ്ങലും ഭവന നിർമ്മാണവും | | |
| 115/24<br>ലൈഫ് ഭവന പദ്ധതി (ട്രി.എസ്.പി)-സ്ഥലം വാങ്ങലും ഭവനനിർമ്മാണവും | 7000000/- | 236803/- |

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ മുൻ വർഷങ്ങളി
നിർമ്മാണത്തിനായി കരാറിലേർപ്പെട്ട് മുൻകൂർ കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ട
ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/വിലാസം | വിഭാഗം | കരാർ വെച്ച തീയതി | നിലവിലെ സ്ഥിതി | കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | രവി.പി.കൃഷ്ണൻ പറപ്പള്ളിൽ അമയന്നൂർ വാർഡ്-10 | ജനറൽ | 18.03.2023 | ലിന്റൽ വരെ | 300000/- |
| 2 | ജോസഫ് എൻ നടപ്പുറത്ത് തിരുവഞ്ചൂർ വാർഡ്-17 | ജനറൽ | 15.05.2023 | ലിന്റൽ വരെ | 200000/- |
| 3 | ഏബ്രഹാം പി.സി കൈലാറ്റിൽ തിരുവഞ്ചൂർ വാർഡ്-17 | ജനറൽ | 22.01.2024 | ലിന്റൽ വരെ | 300000/- |
| 4 | ജോൺസൺ മാർക്കോസ് പാലയ്ക്കൽ അയർക്കുന്നം വാർഡ്-8 | ജനറൽ | 13.10.2023 | ലിന്റൽ വരെ | 340000/- |
| 5 | ടിനു കുര്യൻ മഠത്തുംകുന്നേൽ അമയന്നൂർ വാർഡ്-10 | ജനറൽ | 11.07.2024 | ലിന്റൽ വരെ | 200000/- |
| 6 | ലളിത .ആർ ചൈത്രം ചാണഞ്ചേരിൽ വാർഡ്-15 | ജനറൽ | 22.01.2024 | തറ നിർമ്മാണം പൂർത്തിയാക്കി | 200000/- |
| 7 | ശാരദാ ദാമോദരൻ വടക്കേമുരിയിൽ കൊങ്ങാണ്ടൂർ വാർഡ്-15 | ജനറൽ | 22.01.2024 | തറ നിർമ്മാണം പൂർത്തിയാക്കി | 200000/- |
| 8 | അരുൺകുമാർ രാജേഷ് ഭവൻ അയർക്കുന്നം വാർഡ്-8 | ജനറൽ | 22.11.2024 | തറ നിർമ്മാണം പൂർത്തിയാക്കി | 140000/- |
| 9 | ജയശ്രീ പി.ബി പുതുപ്പറമ്പിൽ ആറുമാന്നൂർ വാർഡ്-9 | ജനറൽ | 28.11.2024 | തറ നിർമ്മാണം പൂർത്തിയാക്കി | 140000/- |
| 10 | സാലി രാജു ചെമ്മാണിയിൽ അയർക്കുന്നം വാർഡ്-18 | ജനറൽ | 28.11.2024 | തറ നിർമ്മാണം പൂർത്തിയാക്കി | 200000/- |
| 11 | കുഞ്ഞമ്മ പപ്പൻ ചക്കുപാറയിൽ അയർക്കുന്നം വാർഡ്-8 | ജനറൽ | 24.02.2024 | ലിന്റൽ വരെ | 200000/- |
| 12 | മിനി പി.ആർ കല്ലടയിൽ അയർക്കുന്നം വാർഡ്-8 | ജനറൽ | 11.03.2022 | ലിന്റൽ വരെ | 200000/- |
| 13 | ബിജുമോൻ വി.റ്റി വാളാച്ചിറയിൽ തിരുവഞ്ചൂർ വാർഡ്-15 | എസ്.സി | **18.04.2023** | തറ നിർമ്മാണം പൂർത്തിയാക്കി-യിട്ടില്ല. | **40000/-** |
| 14 | പ്രിയ മോൾ കെ.ആർ തെക്കേപറമ്പിൽ | എസ്.സി | **22.03.2023** | തറ നിർമ്മാണം പൂർത്തിയാക്കി- | **40000/-** |

| | | | | | |
|---|---|---|---|---|---|
| | തിരുവഞ്ചൂർ വാർഡ്-15 | | | യിട്ടില്ല. | |
| 15 | കുഞ്ഞുമോൾ പി.കെ പിണക്കുഴത്തിൽ അമയന്നൂർ | എസ്.സി | **18.04.2023** | തറ നിർമ്മാണം പൂർത്തിയാക്കി-യിട്ടില്ല. | **40000/-** |
| 16 | സുനിൽ കുമാർ വയലാട്ട് അമയന്നൂർ വാർഡ്-10 | എസ്.സി | **22.07.2023** | തറ നിർമ്മാണം പൂർത്തിയാക്കി-യിട്ടില്ല. | **40000/-** |
| 17 | മുരളി.പി പുന്നശ്ശേരിൽ | എസ്.സി | **23.09.2023** | തറ നിർമ്മാണം പൂർത്തിയാക്കി-യിട്ടില്ല. | **40000/-** |

ക്രമ നം. 13, 14, 15, 16, 17 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിയ്ക്കാത്ത പക്ഷം തുക ഈടാക്കാൻ നടപടികൾ സ്വീകരിയേ്ക്കണ്ടതും, ബാക്കി ഗുണഭോക്താക്കളുടെ ഭവന നി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് തുട വിവരങ്ങൾ രേഖാമൂലം അറിയിയേ്ക്കണ്ടതുമാണ്.

## 1-36 വിവിധ നിക്ഷേപ പ്രവൃത്തികൾ- വിനിയോഗം/പൂർത്തീകരണ വിവരങ്ങൾ ലഭ്യമായ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി കെ ബി, ഭൂജലവകുപ്പ് എന്നീ നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ വിനി പ്രവൃത്തിയുടെ പൂർത്തീകരണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | നിക്ഷേപിച്ച തുക / നിർവ്വഹണഏജൻസി | ഉത്തരവ്നം/ വൗച്ചർ നം | ആകെ |
|---|---|---|---|---|
| 1 | പ്രോജക്ട് നം. 288/25 കുഴൽക്കിണർനിർമ്മാണം-ഗവ.എൽ. പി എസ് അയർക്കുന്നം | 52900/-ഭൂജലവകുപ്പ്, കോട്ടയം | 880/24.3.2025 | |
| 2 | പ്രോജക്ട് നം.328/25 ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടൽ എം സി എഫ് കെട്ടിടം -കുഴൽക്കിണർനിർമ്മാണം | 100373/- -ടി- | 605/04.02.2025 | |
| 3 | പ്രോജക്ട് നം.286/25 വല്ല്യേലിൽ കുടിവെള്ളപദ്ധതി ട്രീറ്റ്മെന്റ് പ്ലാന്റ് വാർഡ് 7 തുക കൈമാറൽ | 975524/- -ടി- | 821/19.3.25 | |
| 4 | പ്രോജക്ട് നം.188/25 നെടുങ്കരി കുടിവെള്ളപദ്ധതി എരമല്ലൂർ പാടശേഖരം വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | 237624/- കെ എസ് ഇ ബി അയർക്കുന്നം ഡിവിഷൻ | 642/11.2.2025 | |
| 5 | പ്രോജക്ട് നം.282/25 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് 18 | 1,00,000/- കെ.എസ്.ഇ.ബി. അയർക്കുന്നം ഡിവിഷൻ | 604/4.2.2025 | |
| | **ആകെ** | | | **1466421/-** |

വിനിയോഗ/പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയും പ്രകാരം നട വാസയോഗ്യമാക്കൽ പദ്ധതികളിൽ എല്ലാ ഗുണഭോക്താക്കളും പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്ന

**1.**

| | |
|---|---|
| പ്രോജക്റ്റ് നം | 89/25 |
| | |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ – ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 2000000/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | 1425000/- (വികസന ഫണ്ട് – ജനറൽ) |
| ബിൽ നം., തീയതി | 327/02.01.2025 – 250000<br>328/02.01.2025 – 50000<br>362/15.01.2025 – 325000<br>382/22.01.2025 – 50000<br>481/13.02.2025 – 25000<br>479/12.02.2025 – 25000<br>474/12.02.2025 – 25000<br>544/07.03.2025 – 100000<br>545/07.03.2025 – 25000<br>546/07.03.2025 – 25000<br>591/11.03.2025 – 150000<br>609/13.03.2025 – 50000<br>646/21.03.2025 – 75000<br>695/25.03.2025 – 175000<br>701/25.03.2025 – 50000<br>707/25.03.2025 – 25000 |

മേൽ പ്രോജക്ട് പ്രകാരം 25000/- രൂ വീതം അഡ്വാൻസ് കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പ്ര
പൂർത്തീകരിച്ചതായി കാണുന്നില്ല.

| | |
|---|---|
| 1. | സുധാകരൻ, നെടുങ്കരിയിൽ |
| 2. | ശിവദാസൻ, തടിയിൽപറമ്പിൽ |
| 3. | വീണ ടി കെ, പന്നിക്കുന്നേൽ |
| 4. | സാറാമ്മ ബാബു, മണ്ണുംമൂട്ടിൽ |
| 5. | രാജേഷ് കുമാർ പി ആർ, കിഴക്കേമഠത്തിൽ |
| 6. | സച്ചിൻകുമാർ എസ്, കരോട്ട് പുത്തൻപറമ്പിൽ |
| 7. | ബീന ദാനിയേൽ, ഉപ്പുമാക്കൽ |
| 8. | ഈപ്പൻ ജോൺ, വയറ്റാട്ടിൽ |
| 9. | പി സി എബ്രഹാം, പാറയ്ക്കൽ |
| 10. | സുനിൽകുമാർ, ഇല്ലത്തേൽ |
| 11. | ശശികുമാർ കെ വി, തോട്ടടിയിൽ |
| 12. | അമ്മിണി വേലു, ആനിയ്ക്കാകുന്നേൽ |

**2.**

| | |
|---|---|
| പ്രോജക്റ്റ് നം | 95/25 |
| പ്രോജക്ടിന്റെ പേര് | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ – എസ് സി പി |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 2000000/- (വികസന ഫണ്ട് – എസ് സി പി) |
| ചെലവ് | 1350000/- (വികസന ഫണ്ട് – എസ് സി പി) |
| ബിൽ നം., തീയതി | 333/02.01.2025 – 50000<br>361/15.01.2025 – 100000<br>363/15.01.2025 – 200000 |

| | |
|---|---|
| | 409/30.01.2025 – 50000<br>442/05.02.2025 – 50000<br>482/13.02.2025 – 100000<br>478/12.02.2025 – 100000<br>590/11.03.2025 – 100000<br>621/18.03.2025 – 50000<br>645/21.03.2025 – 50000<br>648/21.03.2025 – 50000<br>699/25.03.2025 – 400000<br>708/25.03.2025 – 50000 |

മേൽ പ്രോജക്ട് പ്രകാരം 50000/- രൂ വീതം അഡ്വാൻസ് കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പ്ര പൂർത്തീകരിച്ചതായി കാണുന്നില്ല.

| | |
|---|---|
| 1. | ഗിരിജ എം കെ, കളപ്പുരയ്ക്കൽ |
| 2. | രാജു കെ കെ, കരിക്കാട്ടിൽ |
| 3. | ദിലീപ് കുമാർ പി സി, പുത്തൻപറമ്പിൽ |
| 4. | സുലോചന എൻ കെ, നിരപ്പേൽ |
| 5. | ഓമന രാജു, കൈലാറ്റിൽ |
| 6. | കുട്ടൻ താമരശ്ശേരി |
| 7. | ജജീഷ് കെ റ്റി, കളത്തിപ്പറമ്പിൽ |
| 8. | സുനില, കല്ലുങ്കൽ |
| 9. | എൻ കെ കൃഷ്ണൻകുട്ടി, നാരകപ്പള്ളിൽ |
| 10. | സുമ, പരച്ചിറക്കരോട്ട് |
| 11. | പെണ്ണമ്മ ഭാസ്ക്കരൻ, പുൽക്കുന്നേൽ |
| 12. | ജീന മധു, തോട്ടുപുറത്ത് |

**3.**

| | |
|---|---|
| പ്രോജക്റ്റ് നം | 175/25 |
| പ്രോജക്ടിന്റെ പേര് | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ – ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 699640/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | 401600/- (വികസന ഫണ്ട് – ജനറൽ) |
| ബിൽ നം., തീയതി | 31/18.07.2024 – 50000<br>32/18.07.2024 – 50000<br>33/18.07.2024 – 25000<br>34/18.07.2024 – 25000<br>35/18.07.2024 – 50000<br>53/31.07.2024 – 25000<br>73/17.08.2024 – 25000<br>72/17.08.2024 – 5400<br>81/22.08.2024 – 21200<br>93/02.09.2024 – 25000<br>96/02.09.2024 – 25000<br>253/12.12.2024 – 25000<br>589/11.03.2025 – 25000 |

മേൽ പ്രോജക്ട് പ്രകാരം 25000/- രൂ വീതം അഡ്വാൻസ് കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പ്ര പൂർത്തീകരിച്ചതായി കാണുന്നില്ല.

1. ഉമ രാജീവ്, ജയ ഭവൻ
2. പ്രദീപ് കുമാർ എം പി, വിഘ്നേശ് ഭവൻ

**4.**

| | |
|---|---|
| പ്രോജക്റ്റ് നം | 217/25 |
| പ്രോജക്ടിന്റെ പേര് | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ – എസ് സി പി |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 594140 (വികസന ഫണ്ട് – എസ് സി പി) + 364800 (തനത് ഫണ്ട്) = 958940 |
| ചെലവ് | 469350, (വികസന ഫണ്ട് – എസ് സി പി) |
| ബിൽ നം., തീയതി | 62/02.08.2024 – 61270<br>59/02.08.2024 – 65880<br>61/02.08.024 – 100000<br>80/22.08.2024 – 42200<br>97/02.09.2024 – 50000<br>330/02.01.2025 – 50000<br>644/21.03.2025 – 50000<br>647/21.03.2025 – 50000 |

മേൽ പ്രോജക്ട് പ്രകാരം 50000/- രൂ വീതം അഡ്വാൻസ് കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താവ് പ്ര പൂർത്തീകരിച്ചതായി കാണുന്നില്ല.

1. രാജമ്മ കെ ജെ, ആണ്ടുംകുന്നുംപുറം

**5.**

| | |
|---|---|
| പ്രോജക്റ്റ് നം | 113/25 |
| പ്രോജക്ടിന്റെ പേര് | ഭവന പുനരുദ്ധാരണം – ആശ്രയ |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 500000/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | 150000/- (വികസന ഫണ്ട് – ജനറൽ) |
| ബിൽ നം., തീയതി | 603/13.03.2025 – 100000<br>687/24.03.2025 – 50000 |

മേൽ പ്രോജക്ട് പ്രകാരം 50000/- രൂ വീതം അഡ്വാൻസ് തുക കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

| | |
|---|---|
| 1. | അന്നമ്മ ദേവസ്യ, കുഴിപ്പറമ്പിൽ |
| 2. | മറിയം ദേവസ്യ, കണ്ണോങ്കൽ |
| 3. | പി എൻ മോഹനൻ |

**6.**

| | |
|---|---|
| പ്രോജക്റ്റ് നം | 215/25 |
| പ്രോജക്ടിന്റെ പേര് | ആശ്രയ പദ്ധതി – വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 300000/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് | 300000/- (വികസന ഫണ്ട് – ജനറൽ) |
| ബിൽ നം., തീയതി | 60/02.08.2024 – 50000<br>90/02.09.2024 – 50000<br>255/12.12.2024 – 50000 |

| | |
|---|---|
| | 441/05.02.2025 – 50000<br>686/24.03.2025 – 50000<br>697/25.03.2025 – 50000 |

മേൽ പ്രോജക്ട് പ്രകാരം 50000/- രൂ വീതം അഡ്വാൻസ് കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പ്ര പൂർത്തീകരിച്ചതായി കാണുന്നില്ല.

1. രാജമ്മ ചന്ദ്രൻ, ഇടച്ചേരിൽ
2. റേച്ചൽ പി കുര്യാക്കോസ്, പനവേലിക്കുന്നേൽ

**7.**

| | |
|---|---|
| പ്രോജക്റ്റ് നം | 99/25 |
| പ്രോജക്ടിന്റെ പേര് | ആശ്രയ പദ്ധതി – വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 96601 (വികസന ഫണ്ട് – ടി സി പി) + 33600 (തനത് ഫണ്ട്) = 130201 |
| ചെലവ് | 50000 (വികസന ഫണ്ട് – ടി സി പി) |
| ബിൽ നം., തീയതി | 691/24.03.2025 – 50000 |

മേൽ പ്രോജക്ട് പ്രകാരം 50000/- രൂ വീതം അഡ്വാൻസ് കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താവ് പ്ര പൂർത്തീകരിച്ചതായി കാണുന്നില്ല.

1. തങ്കമ്മ, ചൂരനാനിക്കൽ

മേൽ വീട് വാസയോഗ്യമാക്കൽ പദ്ധതികളിൽ അഡ്വാൻസ് കൈപ്പറ്റിയിട്ടും ഗുണഭോക്താക്കൾ പ്ര പൂർത്തിയാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/ മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയ രേഖകൾ ലഭ്യമാകുന്നതുവ 25000 + 12 X 50000 + 2 X 25000 + 1 X 50000 + 3 X 50000 + 2 X 50000 + 1 X 50000 = 1300000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്ത

